**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058** **05.05.2017-ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലയിൽ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച പരിശോധന

**ചോദ്യം**
**ശ്രീ.എൻ. ഷംസുദ്ദീൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആദിവാസി മേഖലയിൽ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രസ്തുത മേഖലയിലേക്ക് എത്തുന്നില്ല എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | എ) & ബി) | പട്ടികവർഗ്ഗക്കാർക്കായി വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അവരുടെ ഉന്നമനത്തിനായി വിനിയോഗിക്കുന്നതിന് സർക്കാർ പൂർണ്ണ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കൗൺസിലും നിലവിലുണ്ട്. ഇതിനു പുറമെ സംസ്ഥാനതലത്തിൽ ബഹു.വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം |
| ബി) | എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | | |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക, ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുന്നുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ടി പദ്ധതികൾ വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂരിഭാഗം സാമ്പത്തിക സാഹയങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകി വരുന്നത്.<br>എന്നാൽ പ്രതികൂല കാലാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം എന്നിവ മൂലം നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ കാലതാമസം വരുന്നുണ്ട്. |
| സി) | ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | സി) | ചില പദ്ധതികളിലെ നടത്തിപ്പിൽ പാകപിഴകൾ സംഭവിച്ചതായി ആക്ഷേപം ഉയർന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും ധനകാര്യ പരിശോധന വിഭാഗം മുഖേനയും അന്വേഷിച്ച് നടപടി സ്വീകരിച്ചു വരുന്നു.<br>ജനനീ ജന്മരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പ് സമയത്ത് അസി.ഡയറക്ടർ (വിദ്യാഭ്യാസം) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ